20

# അവസാന ദിവസം

## (മത്താ. 26:45- 27:66 ഉം സമാന്തര വേദഭാഗങ്ങളും)

**മുഖവുര.** – അവന്റെ ജീവിതം ചെലവഴിച്ചതുകൊാണ് ക്രിസ്തുവിന്റെ മരണത്തെ നാം ഉയർത്തിക്കാണിക്കുന്നത് എന്ന് ചിലപ്പോൾ തോന്നാറു്. അങ്ങനെ ആയിരിക്കാം. യാന്ത്രികമായ രീതിയിൽ അങ്ങനെ ആണെന്നു പറയാം, എന്നാൽ പിതാവിന്റെ സ്നേഹവും യേശുവിന്റെ ജീവിതവും ക്രൂശിൽ ഉച്ചസ്ഥായിയിൽ എത്തി എന്നത് പറയുവാൻ വിട്ടുപോകരുത്. തുല്യ പ്രാധാന്യത്തോടുകൂടി മറ്റൊരു ദിവസത്തെയും പ്രവൃത്തികളെ ബൈബിളിൽ പറഞ്ഞിട്ടില്ല. യേശുവിന്റെ ജീവിതം മുഴുവനും ബന്ധപ്പെടുത്തി പറഞ്ഞാൽ, പുതിയ നിയമം മുഴുവനും എടുത്താൽ അതിന്റെ നാനൂറു വാല്യം വലുപ്പമെങ്കിലും വരുന്നതായിരിക്കും.

1. **ഒറ്റിക്കൊടുക്കൽ.** – യേശു പ്രാർത്ഥിച്ചുകൊിരുന്നപ്പോൾ മൂന്നു ശിഷ്യന്മാർ ഉറങ്ങി പോയി. എന്നാൽ യൂദായ്ക്ക് അതിനു കഴിഞ്ഞില്ല. അവനു തന്റെ പദ്ധതികൾ പൂർത്തിയാക്കേ തിരക്കുായിരുന്നു. യേശു തന്റെ അഭയയാചന കഴിഞ്ഞ് എഴുന്നേറ്റ് ശിഷ്യന്മാരുടെയടുക്കൽ വന്നപ്പോൾ, യൂദാ കയ്യിൽ ആയുധങ്ങളും പന്തങ്ങളുമുള്ള ഒരു കൂട്ടം പടയാളികളുമായി തോട്ടത്തിൽ പ്രവേശിച്ചു. ആ പുരുഷന്മാർക്കു യേശുവിനെ അറിയുകയില്ല; എന്നാൽ, തെറ്റു പറ്റാതിരിപ്പാൻ, യൂദാ അവർക്ക് ഒരു അടയാളം നല്കിയിരുന്നു; അവൻ യേശുവിന്റെ നേരെ അടുത്തു ചെന്നു: “റബ്ബീ, വന്ദനം,”[1] എന്നു പറഞ്ഞു അവനെ ചുംബിച്ചു. ഗലീലിയിലെ ആ പ്രസിദ്ധനായ പ്രവാചകന്റെ മുൻപിൽ ചെന്ന കൂലിക്കാർക്ക്, ആദ്യം അത്ഭുതം തോന്നി പുറകോട്ട് മാറി; എന്നാൽ, ധൈര്യം സംഭരിച്ച്, അവർ യേശുവിനെ പിടിച്ചു കെട്ടി, ദൂരെ കൊുപോയി. അതെല്ലാം പത്രൊസിനു സഹിക്കാവുന്നതിലും അധികം ആയിരുന്നു, അതു കു അനിഷ്ടം – തോന്നി ഉറയിൽ നിന്നു വാളൂരി മഹാപുരോഹിതന്റെ ദാസനെ വെട്ടി. എന്നാൽ വാൾ, സ്നേഹിതന്റെ ആയാലും വിരോധിയുടെ ആയാലും ശരി, ആവശ്യമില്ലാത്തതും ഉപയോഗിക്കുവാൻ പാടില്ലാത്തതുമാണ്. തന്റെ കല്പനയുടെ അധികാരത്തിൽ ശത്രുക്കളോടു വാളുമായി നേരിടുവാൻ അവൻ ആഗ്രഹിക്കുന്നില്ല; തന്റെ ഉദ്ദേശത്തിനെതിരായോ അല്ലെങ്കിൽ യെഹൂദന്മാരുടെ വെറുപ്പിനെതിരായി സ്നേഹിതന്മാരായാലും അവനുവേി വാളുപയോഗിക്കുന്നതു അവനിഷ്ടമല്ല. ദൈവികസ്നേഹവും പൈശാചികവെറുപ്പും, ദൈവത്തിന്റെ ഉന്നതമായ ഉദ്ദേശവും, മനുഷ്യന്റെ സങ്കുചിതമായ ഉദ്ദേശവും, ക്രൂശിനു ചുറ്റും ഇടകലർന്നിരുന്നു.

2. **വിചാരണകൾ.** – ഒരു വലിയ സ്വാതന്ത്ര്യം കിട്ടിയവരെ പോലെ, കീഴടക്കിയ ആളുകളെന്നപോലെ, റോമാക്കാർ യെഹൂദന്മാരെ വിട്ടു. അവർ സമാധാനമായി ജീവിക്കയും നികുതി കൊടുക്കയും ചെയ്യുന്നേടത്തോളം, അവർക്ക് പ്രാദേശികഭരണം അവരുടേതായ വഴിക്കു തന്നെ സുഗമമായി നടത്തിക്കൊു പോകാം. എന്നാൽ തടവിലുള്ള ഒരാളെ മരണശിക്ഷക്കു *യോഗ്യൻ* എന്നു ദേശിയ സഭ വിധിക്കുകയാണെങ്കിൽ, മരണശിക്ഷ നടപ്പാ

ക്കുന്നത് റോമാ കോടതിയുടെ അംഗീകാരത്തോടെ മാത്രമെ ആകാവൂ. അതു കൊു യേശുവിന് രു പ്രത്യേകമായ വിചാരണകൾ നേരിടേിവന്നു: ഒന്ന് യെഹൂദന്മാരുടെ അല്ലെങ്കിൽ പിതാക്കന്മാരുടേത്, ര് റോമിന്റെ അഥവാ ആഭ്യന്തരമായ വിചാരണ. ഓരോ വിചാരണയിലും മൂന്നു ഘട്ടങ്ങളു്.

*a*. **യെഹൂദന്മാരുടെ അല്ലെങ്കിൽ പിതാക്കന്മാരുടെ വിചാരണ.** – (1) ഹന്നാവിന്റെ മുമ്പിലുള്ള പ്രാഥമിക വിചാരണയായിരുന്നു ആദ്യ ഘട്ടം. നിരവധി വർഷങ്ങൾക്കു മുൻപുള്ള മഹാപുരോഹിതനായിരുന്നു ഹന്നാവ്, യെഹൂദന്മാർ അപ്പോഴും അവനെ *നിയമപ്രകാരം* മഹാപുരോഹിതനായി കണക്കാക്കിയിരുന്നു. അവൻ വലിയ സ്വാധീനം ഉള്ളവനും പ്രായമുള്ളവനുമായിരുന്നു. ചില ചോദ്യങ്ങൾ ചോദിച്ചിട്ടു, അവൻ യേശുവിനെ കയ്യഫാവിന്റെ അടുക്കലേക്ക് അയച്ചു; എന്നാൽ അവന്റെ വ്യക്തിത്വത്തിൽ വലിയ ഒരു *അടി* വീഴുന്നതുവരെയായിരുന്നു അത്. (2) കയ്യഫാവിന്റെ മുമ്പിലായിരുന്നു രാം ഘട്ടം, അതു അധികം പ്രാധാന്യമുള്ളതുമായിരുന്നു. ഹന്നാവിന്റെ മരുമകൻ ആയിരുന്നു കയ്യഫാവു, *പരമാർത്ഥത്തിൽ* അവനായിരുന്നു മഹാപുരോഹിതൻ, പിന്നെ, അങ്ങനെ, അവനായിരുന്നു ന്യായാധിപസഭയെ നയിച്ചിരുന്നതു. സൂര്യോദയത്തിനു മുൻപുള്ള ഏതൊരു യോഗവും നിയമരഹിതമായിട്ടാണ് കണക്കാക്കിയിരുന്നത്; എന്നാൽ ആളുകൾ എഴുന്നേൽക്കുന്നതിനുമുമ്പു തന്നെ യേശുവിനെ ശിക്ഷിക്കുവാൻ തീർച്ചയായും മൂപ്പന്മാർ ഒരുങ്ങിയിരുന്നു. പക്ഷെ ജനത്തിന്റെ കയ്യടി വാങ്ങുവാനുള്ള ഒരു കുറ്റം അവനിൽ ചുമത്തുവാൻ കഴിഞ്ഞില്ല. പല ആരോപണങ്ങൾ മുന്നോട്ടു വെച്ചുവെങ്കിലും, അതിനൊന്നും സാക്ഷികൾ യോജിച്ചു വന്നില്ല, യേശു അപ്പോഴും അന്തസുള്ള നിശബ്ദതയിലായിരുന്നു. വ്യവഹാരം ഒഴിവാക്കുന്നതും അപകടമാണെന്നോർത്ത്, കയ്യഫാവു അവനിൽ നിന്നു തന്നെ കുറ്റം കത്തൊമെന്നു തീരുമാനിച്ചു. “നീ ദൈവപുത്രനായ, ക്രിസ്തു തന്നെയോ?”[2] മുമ്പു യേശു നിശബ്ദനായിരുന്നു. *ആ* ചോദ്യത്തിന് അവനു ഉത്തരം പറയാതിരിക്കുവാൻ കഴിഞ്ഞില്ല, അവൻ മറുപടി പറഞ്ഞു, “ഞാൻ ആകുന്നു.”[3] കയ്യഫാവു അതിനു അത്യുച്ചത്തിൽ “ദൈവദൂഷണം,” എന്നു പറഞ്ഞു. ശത്രുക്കളായ ന്യായാധിപന്മാർ പറഞ്ഞു, “അവൻ മരണ യോഗ്യൻ.”[4] യേശുവിനെ തടവിലാക്കി അർദ്ധരാത്രി കഴിഞ്ഞായിരിക്കണം അത്. അപ്പോഴും സൂര്യോദയത്തിനു കുറച്ചു സമയം കൂടെ ബാക്കിയു്, അതു ന്യായാധിപസഭ മുഴുവൻ ചേർന്നു പ്രതിരോധിക്കാത്ത തടവുകാരനെ പരിഹാസ്യനാക്കുന്നതിനു മുമ്പുള്ള ഇടവേള ആയിരുന്നു. (3) ന്യായാധിപസഭ മുഴുവൻ ചേരുന്നതിനു മുമ്പുള്ള മൂന്നാം ഘട്ടം എടുത്തുകഴിഞ്ഞ തീരുമാനത്തിന്മേൽ ഉള്ള ഔപചാരിക സ്ഥിരീകരണം മാത്രമായിരുന്നു.

ആദ്യഘട്ടങ്ങൾക്കിടയിൽ എപ്പോഴോ ആണ് പത്രൊസിന്റെ വീഴ്ച്ച സംഭവിക്കുന്നത്. തന്റെ യജമാനനു എന്തു സംഭവിക്കുമെന്നറിയുവാൻ, അവൻ യോഹന്നാനോടുകൂടെ, പിന്നിലായി ചെന്നു നടപടികൾ നോക്കിക്കൊിരുന്നു. അതു കുഴപ്പമില്ലാത്ത സ്ഥലമായിരുന്നു; ഗലീലക്കാരൻ എന്നനിലയിൽ, ഒരാൾ മറ്റൊരാളോട് പത്രൊസിനെ തുറിച്ചുനോക്കി ചൂിക്കാണിച്ചപ്പോൾ അവൻ ഭയവിഹ്വലനായി, മൂന്നു പ്രാവശ്യം അവൻ, തന്റെ ഗുരുവിനെ ആണയിട്ടു തള്ളിപ്പറഞ്ഞു. പാവം പത്രൊസ്! പക്ഷെ അവൻ *പ്രത്യാശാരഹിതനായി* നഷ്ടപ്പെട്ടില്ല. കോഴി കൂകുകയും, തന്റെ നിഗളവും പ്രശംസയും, യേശുവിന്റെ മുന്നറിയിപ്പും, യേശു അവനെ നിശബ്ദമായി നോക്കുകയും ചെയ്ത

പ്പോൾ അവൻ കയ്യഫാവിന്റെ പ്രാകാരം വിട്ടുപോയി, നല്ല വശങ്ങൾ തിരിച്ചറിയുകയും; "അവൻ പുറത്തുപോയി പൊട്ടി കരയുകയും ചെയ്തു."[5]

മറ്റൊരുവശത്ത് കൂടുതൽ വേദനിപ്പിക്കുന്ന ഭീകരമായ ഒന്നു നടക്കുന്നു. യൂദയും, കൂടെ, നടപടികൾ എന്താകുമെന്ന് നോക്കിയിരുന്നു. യേശു തന്റെ ചങ്ങലകൾ പൊട്ടിച്ച് മഹത്വം വെളിപ്പെടുത്തുമെന്ന് അവൻ വിചാരിച്ചിരിക്കാം. യജമാനനിൽ ഒരുപദ്രവവും സംഭവിക്കുന്നില്ല, എന്നാൽ അവനോ മുപ്പതുവെള്ളിക്കാശിനുടമയായി തീർന്നു. പക്ഷെ യെഹൂദന്മാരുടെ മൂന്നു ഘട്ടം വിചാരണകൾ അവസാനിച്ചു. യേശുവിനെ മരണത്തിനു വിധിച്ചു. പിലാത്തോസിന്റെ അനുവാദം മാത്രം വേണം. യൂദയിൽ പശ്ചാത്താപം നിന്നു. അവന്റെ ആത്മാവിനുള്ളിൽ മുപ്പതുവെള്ളിക്കാശ് കത്തിക്കൊിരുന്നു. ന്യായാധിപസഭയുടെ മുമ്പാകെ അവൻ അത് എറിഞ്ഞുകൊ്, പറഞ്ഞു: ''ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തു.''[6] ''അതിനു ഞങ്ങൾക്കെന്ത്, നീ തന്നെ നോക്കിക്കൊൾക," എന്നായിരുന്നു ഹൃദയശൂന്യമായ ഉത്തരം. ഒറ്റുകാരനെ അതിനുപയോഗിക്കുന്നവർ എല്ലായ്പ്പോഴും നിന്ദാപാത്രമായിട്ടാണ് കാണുന്നത്. അവൻ പുറത്തുപോയി കെട്ടിഞാന്നു ചത്തുകളഞ്ഞു (*ഒവാ.* മത്താ. 27:5; പ്രവൃത്തികൾ 1:18, 19). അപ്പോൾ പോലും, എന്തുകൊാണ്, അവൻ യേശുവിന്റെ കാൽക്കൽ വീണ്, ക്ഷമാപണത്തിനായി അപേക്ഷിക്കാതിരുന്നത്? പശ്ചാത്താപം മാനസാന്തരമല്ല. യൂദാ ഒന്നിൽ ഉറച്ചുനിന്നു; പത്രൊസ് മറ്റൊന്നിലും.

*b. റോമർ അല്ലെങ്കിൽ ആഭ്യന്തര വിചാരണ.* – ഇവിടെയും, കൂടെ, മൂന്ന് ഘട്ടങ്ങൾ ഉായിരുന്നു. (1) പീലാത്തോസിനു മുൻപിൽ. പീലാത്തോസിന്റെ ആദ്യ ചോദ്യം: "കുറ്റം എന്തായിരുന്നു?" യെഹൂദന്മാർ ദൈവദൂഷണം ചുമത്തിയത്, *അവർ* അവനെ കുറ്റം വിധിച്ചത്, റോമൻ കോടതിയിൽ വിലപോകുകയില്ല. അടിസ്ഥാനമില്ലാത്ത തിന്മ ചെയ്യുന്നുവെന്ന ആരോപണമാണ് ആദ്യം പിലാത്തോസിന്റെ അടുക്കൽ ഉന്നയിക്കുവാൻ തീരുമാനിച്ചത്; എന്നാൽ, റോമൻ നീതിപ്രകാരം, പിലാത്തോസ് വ്യക്തമായ തെളിവുകൾ ആരോപണത്തിന് ആവശ്യപ്പെട്ടു. "അവൻ കൈസർക്ക് കരം കൊടുക്കുന്നത് വിലക്കി: അവൻ ക്രിസ്തു എന്ന രാജാവാണെന്നു പറഞ്ഞു."[7] ഒന്നാമത്തേത് കളവായിരുന്നു; രാഷ്ട്രീയമായി അപകടമുാക്കുന്ന രാജകീയ അവകാശമൊന്നും യേശു നടത്താതിരുന്നതിനാൽ പിലാത്തോസ് തൃപ്തനായിരുന്നു, അതുകൊവൻ നിരപരാധിയാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ അവർ അവനെ അങ്ങനെ വിടുവാൻ തയ്യാറായില്ല, അതുകൊ് അവർ ഗലീലി മുതൽ യെരുശലേം വരെയുള്ള ആളുകളുടെ ഭരണകൂടത്തിനെതിരായി ഇളക്കിവിട്ടു എന്ന നാലാമത് ഒരു കുറ്റം കൂടെ ചുമത്തി. പിലാത്തൊസ് വിഷമത്തിലായിത്തീർന്നു. നിരപരാധിയായ ഒരു മനുഷ്യനെ കുറ്റം വിധിക്കുവാൻ അവനു മനസ്സില്ലായിരുന്നു; എന്നാൽ യെഹൂദന്മാർക്ക് ഇടർച്ച വരുത്തുവാനും ഭയപ്പെട്ടു. എന്നാൽ അവൻ ഗലീലി എന്ന വാക്കിൽ പിടിച്ചു. അത് ഹെരോദാവിന്റെ പ്രദേശമായിരുന്നു; ഹെരോദാവു നഗരത്തിലുായിരുന്നു; ര് നാടുവാഴികളും തമ്മിൽ ശത്രുതയിലായിരുന്നു; ഇപ്പോൾ ഹെരോദാവുമായുള്ള വഴക്കു തീർക്കുവാൻ അവസരം ലഭിച്ചിരിക്കുന്നു, അതേ സമയത്ത് സമ്മതമല്ലാത്തതും അപകടകരവുമായ ഒരു കേസ് ഒഴിവാക്കുവാനുമുള്ള അവസരമായിരുന്നു. അങ്ങനെ പിലാത്തൊസ് യേശുവിനെ ഹെരോദാവിന്റെ അടുക്കലേക്ക് അയച്ചു. (2) ഹെരോദാവിന്റെ

മുൻപിൽ. ഹെരോദാവു യേശുവിനെ കാണുവാൻ ആകാംക്ഷയോടെ ഇരിക്കയായിരുന്നു, അത് എന്തെങ്കിലും അത്ഭുതം കാണുവാൻ കഴിയുമോ എന്നു വിചാരിച്ചായിരുന്നു. എന്നാൽ യേശു, പന്നികളുടെ മുൻപിൽ മുത്തുകൾ വിതറുവാൻ തുനിയാതെ തന്റെ നിലപാടിൽ ഉറച്ചുനിന്ന്, ഹെരോദാവിന്റെ ചോദ്യങ്ങൾക്കൊന്നും മറുപടി പറഞ്ഞില്ല. പിന്നെ നടന്നത് രാമത്തെ പരിഹാസമായിരുന്നു. പൂർണ്ണമായി പരാജയപ്പെട്ടുകൊ്, ഹെരോദാവും അവന്റെ പട്ടാളവും യേശുവിനെ പഴയ രാജകീയ വസ്ത്രത്തിൽ പിലാത്തൊസിന്റെ അടുക്കലേക്ക് മടക്കി അയച്ചു. (3) പിലാത്തോസിന്റെ മുൻപിൽ വീും. പെസഹാ സമയത്ത് വാർഷിക ആനുകൂല്യമായി, ഒരു തടവുകാരനെ വിട്ടയക്കുന്നതിന് ജനങ്ങൾ ആവശ്യപ്പെടുന്ന സമയമായിരുന്നു ഇത്. ഉടനെ പിലാത്തോസ് യേശുവിനെ നിർദ്ദേശിച്ചു. എന്നാൽ പുരോഹിതന്മാർ എല്ലാവരും ആളുകളോടൊപ്പം തിരക്കിലായിരുന്നു. വിജയകരമായ ഒരു പ്രദക്ഷിണത്തിന്, നേതൃത്വം കൊടുത്തുകൊ്, നഗരത്തിലേക്ക് പ്രവേശിച്ച യേശുവും, ന്യായാധിപസഭ കുറ്റം വിധിച്ചു, പിലാത്തോസിന്റെ വിധിക്കായി കാത്തിരുന്ന യേശുവും, രു വ്യക്തികളാണ്. “ഇവനെയല്ല, ബറബ്ബാസിനെ; ബറബ്ബാസോ കള്ളനായിരുന്നു.”[8] കുറച്ചുനേരത്തേക്ക് തന്റെ മനസാക്ഷിയും ജനക്കൂട്ടത്തിന്റെ ആരവവും പിലാത്തോസിനെ വിഷമത്തിലാക്കി, പിന്നെ അവസാനം യേശുവിനെ ക്രൂശിൽ തറയ്ക്കുവാൻ കല്പന കൊടുത്തു. ഇതിനിടയിൽ പിലാത്തോസിന്റെ പടയാളികൾ അവരുടെ പരിഹാസവും നടത്തി, അവനെ രക്താംബരം ധരിപ്പിച്ച്, കയ്യിൽ ഒരു കോൽ അടിച്ചേൽപ്പിക്കുകയും, തലയിൽ മുൾക്കിരീടം വെച്ചമർത്തുകയും ചെയ്തു.

അങ്ങനെ ആറുതരത്തിലുള്ള വിചാരണ, ചതിയും കാപട്യവും ഭീരുതµവും സ്വാർത്ഥതയും ഉൾപ്പെടുന്ന മൃഗീയമായ പ്രവൃത്തിയായിരുന്നു യേശുവിന്റെ പരമോന്നതമായ മനുഷ്യത്വത്തിനെതിരായി ഉയർന്നത്. അപ്പോൾ അവിടെവെച്ചുപോലും, രാജകീയമായ അലങ്കാരത്താൽ പരിഹസിച്ച്, ജനക്കൂട്ടത്തിന്റെ പുഛവും പരിഹാസവും നേരിട്ട അവൻ, ഹെരോദാവിന്റെ സിംഹാസനത്തിലിരുന്ന അല്ലെങ്കിൽ കിരീടം ധരിച്ച ഏതൊരു കൈസരിനെക്കാളും, ആയിരം മടങ്ങ് മികച്ചവനായിരുന്നു.

3. **ക്രൂശിൽ തറക്കൽ.** – *a. നാഴികയും സ്ഥലവും.* – അവനെ ക്രൂശിക്കുവാൻ കല്പന കൊടുത്ത സമയം രാവിലെ ഏതാ് ഒൻപതുമണിക്കായിരുന്നു. യേശു നഗരത്തിനു പുറത്താണ് കഷ്ടം അനുഭവിച്ചത് (എബ്രാ. 13:12) അത്, എബ്രായ ഭാഷയിൽ, ഗോൽഗോഥാ എന്നറിയപ്പെടുന്നു; ഗ്രീക്കിൽ, ക്രാനിയോൺ; ലത്തീനിൽ കാൽവരീയം (കാൽവരി) – അർത്ഥം എല്ലാം തലയോടിടം എന്നാണ്. അതൊരുപക്ഷെ തലയോട്ടി ആകൃതിയിലുള്ള പട്ടണത്തിന്റെ വടക്കുപടിഞ്ഞാറുള്ള ഒരു കുന്ന് ആയിരിക്കാം.

*b. വഴിയിൽ.* – യേശു തന്റെ തന്നെ ക്രൂശ് ചുമന്നു നടന്നു; എന്നാൽ ഗോൽഗോഥയിൽ എത്തുന്നതിനുമുൻപ്, പടയാളി കുറേനക്കാരനായ ഒരു യുവാവിനെ തടഞ്ഞുനിർത്തി അവന്റെ ക്രൂശ് ചുമപ്പിച്ചു; ഒരുപക്ഷെ അത് താങ്ങുവാനുള്ള ശക്തി യേശുവിന്റെ ശരീരത്തിന് ഇല്ലാതിരുന്നതുകൊാവാം, രാത്രിയിലെ ഉറക്കമിളപ്പുകൊും പ്രഭാതത്തിലെ കഷ്ടതകൾ കൊും അവൻ ക്ഷീണിച്ചിരിക്കാം. ആ ഇരു നാഴികയിലും, ചിലർ, അവന്റെ വിധിയെ ഓർത്ത് വിലപിക്കുന്നത് കാണാമായിരുന്നു. പരിഹാസം നടന്നപ്പോഴൊക്കെയും, അവന്റെ ചുുകൾ നിശബ്ദമായിരുന്നു, ഇപ്പോൾ അവൻ ദയയോടുകൂടി

നോക്കുന്നു; തനിക്കുവേയില്ല താനും, ഉടനെ യെരുശലേമിൽ സംഭവിപ്പാനുള്ള നാശത്തെ ഓർത്ത് ആയിരുന്നു അവൻ അങ്ങനെ നോക്കിയത്.

*c. ക്രൂശിൽ.* - രു കള്ളന്മാരെ അവനോടുകൂടെ ക്രൂശിലേറ്റി. ഏറ്റവും തരം താഴ്ന്ന കുറ്റവാളികളെ ശിക്ഷിക്കുന്ന റോമൻ സമ്പ്രദായമായിരുന്നു ക്രൂശിൽ തറെക്കൽ. ദയയോടുകൂടി, അത്തരം സന്ദർഭത്തിൽ കുടിക്കുവാനായി, യെരുശലേമിലെ സ്ത്രീകൾ മയക്കുന്ന പാനീയം തയ്യാറാക്കുമായിരുന്നു. അത്തരം പാനീയം ഇപ്പോൾ അവനു കൊടുത്തു; എന്നാൽ തന്റെ വേദന അല്പം പോലും ശമിപ്പിക്കുവാൻ യേശു കൂട്ടാക്കിയില്ല.

*d. ക്രൂശിൽ നിന്നുള്ള ഏഴുവാക്കുകൾ.* - ക്രൂശിൽ നിന്നുള്ള യേശുവിന്റെ ഏഴു സംസാരം രേഖപ്പെടുത്തിയിട്ട്: (1) അവയിൽ ഒന്ന് ഒരു പക്ഷെ ഈ സന്ദർഭത്തിൽ പറഞ്ഞതാകാം. ശരീരങ്ങൾ ആദ്യം ക്രൂശിൽ വെച്ച് ആണിയടിക്കുകയും, പിന്നെ ക്രൂശ് അതിന്റെ സ്ഥാനത്തുനിർത്തുകയും ചെയ്തു. "പിതാവേ, ഇവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ; ഇവരോടു ക്ഷമിക്കേണമേ"[9]; മോശക്കാരായ പടയാളികൾ താഴെ ഇരുന്ന് ഉടനെ തന്നെ യേശുവിന്റെ വസ്ത്രത്തിനായി ചീട്ടിട്ടു. കുറ്റവാളികളിൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ എഴുതിവയ്ക്കുവാൻ പിലാത്തോസ് തയ്യാറെടുത്തു. യേശുവിന്റേത്, എബ്രായ, യവന, ലത്തീൻ ഭാഷകളിൽ പിലാത്തോസിനും, യെഹൂദന്മാർക്കും, വായിക്കാവുന്നവയായിരുന്നു അത്: "നസ്രായനായ യേശു, യെഹൂദന്മാരുടെ രാജാവ്."[10] അവരതിനെ എതിർത്തു, പക്ഷെ ഉദ്ദേശത്തെ പരാജയപ്പെടുത്തുവാനായില്ല. (2) യേശുവിന്റെ അമ്മയും മറ്റു ര് മറിയമാരും യോഹന്നാനോടുകൂടെ ക്രൂശിനരുകിൽ നിന്നിരുന്നു. തന്റെ അമ്മയോടും യോഹന്നാനോടും തന്റെ രാമത്തെ പ്രസ്താവന നടത്തി: "ഇതാ നിന്റെ മകൻ; ഇതാ നിന്റെ അമ്മ"[11]; അവനപ്പോഴും തന്നേക്കാൾ മറ്റുള്ളവരെ കരുതുന്നവനായിരുന്നു. (3) ബലഹീനതയുടെ മേൽ മറച്ചു-വെച്ച പക വെളിപ്പെടുത്തിയ അത്ഭുത ശക്തി അപ്പോൾ മുതൽ കാണുവാൻ തുടങ്ങി. മഹാപുരോഹിതന്മാരും ശാസ്ത്രിമാരും പ്രമാണിമാരും, ദേശത്തിലെ തലവന്മാരും ഒത്തുചേർന്നാണ് അവനെ പുച്ഛിച്ചത്. "അവൻ മറ്റുള്ളവരെ രക്ഷിച്ചു, സ്വയം രക്ഷിപ്പാൻ അവനു കഴിയുന്നില്ല"[12]; അവർ ചിന്തിച്ചതിലും ആഴത്തിലുള്ള സത്യമായിരുന്നു അത്: കാരണം മറ്റുള്ളവരെ രക്ഷിക്കുവാൻ നോക്കുമ്പോൾ അവന് എങ്ങനെ തന്നത്താൻ രക്ഷപ്പെടുവാൻ *കഴിയും?* ക്രൂശിലെ നീചരായ, കള്ളന്മാർ പോലും, ആ പരിഹാസത്തിൽ ചേർന്നു; ആദ്യം രുപേരും, എന്നാൽ പിന്നെ, ഒരാൾ അനുകമ്പയും മാനസാന്തരവും നിമിത്തം നിരപരാധി കഷ്ടമേൽക്കുന്നു എന്നു ക്, പ്രാർത്ഥനയുമായി മദ്ധ്യകുരിശിങ്കലേക്കു തിരിയുന്നു, "നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെയും ഓർത്തുകൊള്ളേണമേ."[13] അവന്റെ പേരിനും ദൗത്യത്തിനും യോജിച്ച നിലയിൽ അവസാനം, യേശു ക്രൂശിലെ മൂന്നാമത്തെ പ്രസ്താവന നടത്തുന്നു, "ഇന്ന് നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും."[14] (4) പിന്നെ, പന്ത്രുമണിമുതൽ മൂന്നു മണിവരെ, മൂന്നുമണിക്കൂർ നേരം ഇരുട്ടും നിശബ്ദതയും അനുഭവപ്പെട്ടു. അപ്പോൾ, വൈകുന്നേരയാഗത്തിനുള്ള സമയമായി, ഇരുട്ടിൽനിന്നും ക്രൂശിൽനിന്നും, സ്വർഗ്ഗത്തേക്ക് ആദ്യത്തേതും അവസാനത്തേതുമായ ഒരു ദീനരോദനം ചുുകളിൽ നിന്ന് ഉയർന്നു, മർമ്മപ്രധാനമായ വാക്കുകൾ, "എന്റെ ദൈവമേ, എന്റെ ദൈവമേ, *നീ* എന്നെ കൈവിട്ടത് എന്ത്?"[15] പെട്ടെന്ന് അതിനെ തുടർന്ന് ശബ്ദമു

ാ യി: (5) “എനിക്കു ദാഹിക്കുന്നു,”[16] ശാരീരിക വേദനയുടെ ആദ്യത്തേതും അവസാനത്തേതുമായ പ്രകടനം. കഠിനഹൃദയങ്ങളെ മൃദുലമാക്കുന്നതാണ് സംഭ്രമം, യേശുവിന് ഒരു കപ്പ് തണുത്ത വീഞ്ഞ് ലഭിച്ചു. ഒരിക്കൽ കൂടെ അവൻ സംസാരിക്കുന്നു: (6) “അതു നിവർത്തിയായി”[17]; നിവർത്തിയായി, വെറുതെ അവസാനിക്കുകയല്ല, ഭൂമിയിൽ ജീവിച്ചതിൽവെച്ച് ഏറ്റവും ഉത്തമമായ ജീവിതം; മനുഷ്യരുടെ വീടെുപ്പ് പ്രവൃത്തി, നിവർത്തിയായി; പഴയനിയമത്തിലെ അടയാളങ്ങളും അത്ഭുതങ്ങളും, പിതാക്കന്മാരും പ്രവാചകന്മാരും കിരുന്നതിനേക്കാൾ, വളരെ മഹത്തായ രീതിയിൽ, നിവർത്തിയായി. (7) പിന്നെ, തലകുനിച്ചു, ഏഴാമത്തേതും അവസാനത്തേതുമായ പ്രസ്താവന നടത്തുന്നതോടുകൂടി അവൻ തന്റെ ആത്മാവിനെ നൽകുന്നു: “പിതാവേ, ഞാൻ എന്റെ പ്രാണനെ തൃക്കരങ്ങളിൽ ഭരമേൽപിക്കുന്നു.”[18]

*e. പഴയനിയമത്തിന്റെ അവസാനം.* – ആ സമയത്തെ അവന്റെ മരണനിലവിളി ദേശത്ത് ഒരു ഭൂകമ്പത്തിന്റെ പ്രതീതി ജനിപ്പിച്ചു. ദൈവാലയ തിരശ്ശീല മേൽതൊട്ട് അടിവരെ കീറി; കാരണം യേശു പഴയനിയമം അതിന്റെ രീതികളും നിഴലുകളും അടക്കം ക്രൂശിൽ നീക്കം ചെയ്തു (കൊലൊ. 2:14). മനുഷ്യർ വിസ്മയം പൂിരുന്നു. റോമൻ ശതാധിപൻ പോലും പറഞ്ഞു, “തീർച്ചയായും അവൻ ദൈവപുത്രനായിരുന്നു.”[19]

**4. അടക്കം**. – ക്രൂശിൽ തറെച്ചതിനു പിറ്റേനാൾ മഹാ ശബ്ബത്തായിരുന്നു. യെഹൂദന്മാർക്ക് കൊല ചെയ്യാം; എന്നാൽ ആഘോഷപരമായ ശബ്ബത്ത് ലംഘിച്ചുകൂടായിരുന്നു; സൂര്യാസ്തമയത്തിനുശേഷം ശരീരങ്ങൾ ക്രൂശിൽ വയ്ക്കരുതായിരുന്നു. മരണം വേഗത്തിലാക്കുവാൻ അവരുടെ കാലുകൾ ഒടിച്ചു; എന്നാൽ യേശു മരിച്ചുകഴിഞ്ഞിരുന്നു, പടയാളി കുന്തം കൊു കുത്തിയപ്പോൾ രക്തവും വെള്ളവും പുറപ്പെട്ടതുകൊ് അവന്റെ കാൽ ഒടിച്ചില്ല. അങ്ങനെ അവരറിയാതെ രു പ്രവചനങ്ങൾ നിവർത്തിയായി (സങ്കീ. 34:20; 22:16, 17). യേശുവിന്റെ ശരീരം ഏൽപ്പിച്ചുകൊടുത്തത് അവന്റെ രു ശിഷ്യന്മാരായിരുന്ന, അരിമഥ്യയിലെ യോസേഫിനും നിക്കൊദെമോസിനും ആയിരുന്നു; സ്നേഹമുള്ളവർ അവന്റെ ശരീരം യോസേഫിന്റെ പുതിയ കല്ലറയിൽ അടക്കം ചെയ്യുവാൻ ഏർപ്പാടുചെയ്തു; എന്നാൽ പിന്നെയും ഭയമുള്ള യെഹൂദന്മാരുടെ ആവശ്യ പ്രകാരം, കല്ലറ ഭദ്രമാക്കുവാൻ റോമാ മുദ്രയും റോമാ കാവൽക്കാരനെയും ഏർപ്പെടുത്തി.

---

കുറിപ്പുകൾ

[1]മത്താ. 26:49; കൂടാതെ നോക്കുക മർക്കൊസ് 14:45; ലൂക്കൊസ് 22:47. [2]മർക്കൊസ് 14:61; കൂടാതെ നോക്കുക മത്താ. 26:63; ലൂക്കൊസ് 22:67. [3]മർക്കൊസ് 14:62; കൂടാതെ നോക്കുക മത്താ. 26:64. [4]മത്താ. 26:66; കൂടാതെ നോക്കുക മർക്കൊസ് 14:64. [5]മത്താ. 26:75. [6]മത്താ. 27:4. [7]ലൂക്കൊസ് 23:2. [8]യോഹന്നാൻ 18:40; കൂടാതെ നോക്കുക മത്താ. 27:20; മർക്കൊസ് 15:11; ലൂക്കൊസ് 23:18. [9]ലൂക്കൊസ് 23:34. [10]യോഹന്നാൻ 19:19; കൂടാതെ നോക്കുക മത്താ. 27:37; മർക്കൊസ് 15:26; ലൂക്കൊസ് 23:38.

[11]യോഹന്നാൻ 19:26, 27. [12]മത്താ. 27:42; മർക്കൊസ് 15:31; ലൂക്കൊസ് 23:35. [13]ലൂക്കൊസ് 23:42. [14]ലൂക്കൊസ് 23:43. [15]മത്താ. 27:46; മർക്കൊസ് 14:34. [16]യോഹന്നാൻ 19:28. [17]യോഹന്നാൻ 19:30. [18]ലൂക്കൊസ് 23:46. [19]മത്താ. 27:54; മർക്കൊസ് 15:39.